SUNDAY 09.06.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/06/2024

1. കൊപ്രയുടെ താങ്ങുവില പദ്ധതി പ്രകാരം പച്ചത്തേങ്ങ സംഭരിക്കും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ അഗളി, കടമ്പഴിപ്പുറം, കാഞ്ഞിരപ്പുഴ, കോട്ടോപ്പാടം, കരിമ്പുഴ, കോട്ടായി, മലമ്പുഴ, പെരുമാട്ടി, പുതുപ്പരിയാരം, വടകരപതി, വാണിയംകുളം, വിയ്യകുറിശ്ശി എന്നീ സ്വാശ്രയ കർഷക സമിതികൾ വഴി കൊപ്രയുടെ താങ്ങുവില പദ്ധതി പ്രകാരം കർഷകരിൽ നിന്നും പച്ച തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറും. സംഭരണവുമായി ബന്ധപ്പെട്ട് നാഫെഡിന്റെ ഇ-സമൃദ്ധി പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്കേ താങ്ങുവില പ്രകാരം ആനുകൂല്യം ലഭിക്കുക. ഇതിലേക്കായി കർഷകരുടെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, ഭൂനികുതി രസീത് എന്നിവയുടെ പകർപ്പ്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ കർഷകർ ഹാജരാക്കണം. സ്വാശ്രയ കർഷക സമിതികളിൽ കൊപ്ര ആക്കുന്നതിനു വേണ്ടി പച്ചത്തേങ്ങ നൽകുന്ന കർഷകന് ഒരു കിലോഗ്രാം പച്ചത്തേങ്ങക്ക് 30.132 രൂപ സ്റ്റേറ്റ് ലെവൽ ഏജൻസികൾ കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യും. 3.868 രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് ഈ പോർട്ടൽ മുഖേനയും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ വി.എഫ്.പി.സി.കെ കർഷക സമിതി ഉദ്യോഗസ്ഥരുമായോ 0491 2505075 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടണമെന്ന് പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

2. മഞ്ചേരിയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ജില്ലാ ഓഫീസിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, ഉത്പാദന ഉപാധികൾ, കൂൺ വിത്തുകൾ എന്നിവ ലഭിക്കുമെന്ന് വി.എഫ്.പി.സി.കെ ട്രെയിനിങ് റെവന്യൂ ജില്ലാ മാനേജർ അറിയിച്ചു. മണ്ണ്, വളങ്ങൾ എന്നിവ പരിശോധന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നതിന് വി.എഫ്.പി.സി.കെ ലാബിൽ സൗകര്യമൊരുക്കിയിട്ടുണ്ടെന്നും ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0483 276 8987,94479 84455 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല കാലാവസ്ഥാ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ ഓഷ്യനോഗ്രഫി, മെറ്റിയോറോളജി/ അറ്റ്മോസ്ഫെറിക് സയൻസ് വിഭാഗങ്ങളിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ccces@kau.in എന്ന മെയിൽ മുഖേന 21.06.2024 തീയതിക്കകം അപേക്ഷ സമർപ്പിക്കേണ്ടതാണ് ഈ തസ്തികകളിലേക്കുള്ള അഭിമുഖം 24.06.2024 തീയതിയിൽ കോളേജിൽ വെച്ച് നടത്തുന്നതാണ്.

4. ഫിഷറീസ് വകുപ്പ് മത്സ്യകർഷക അവാർഡുകൾക്കായി അപേക്ഷ ക്ഷണിച്ചു. മികച്ച ശുദ്ധജല കർഷകൻ, ഓരുജല കർഷകൻ, ചെമ്മീൻ കർഷകൻ, നൂതന മത്സ്യകൃഷി നടപ്പാക്കുന്ന കർഷകൻ, അലങ്കാര മത്സ്യകൃഷി യൂനിറ്റ്, പിന്നാമ്പുറ മത്സ്യവിത്ത് ഉൽപാദന യൂനിറ്റ്, വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി ചെയ്യുന്ന കർഷകൻ, മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പുകൾ എന്നീ ഇനങ്ങളിൽ അപേക്ഷിക്കാം. അപേക്ഷ ജൂൺ 15ന് മുമ്പ് കമലേശ്വരത്തെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) ഓഫിസിലോ മത്സ്യ ഭവനുകളിലോ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി 0471 2464076, 2450773 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. .

5. കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും സ്ഥാപനങ്ങൾക്കും അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഗ്രാഫ്റ്റുകൾക്കായി

ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഹെഡ് ഓഫീസ്, കൊല്ലം : 0474 2760456 കോ-ഓർഡിനേറ്റർ (സൗത്ത്) : 94960 46000, കോ-ഓർഡിനേറ്റർ (നോർത്ത്) : 94960 47000 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കൃഷി വകുപ്പിന്റെ കീഴിലുള്ള ആനയറ വിൽപ്പനകേന്ദ്രം വഴി അത്യുത്പാദന ശേഷിയുള്ള D xT ,WCT, ഓറഞ്ച് ഡോർഫ് തുടങ്ങിയ തെങ്ങിൻതൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ 9746692422 എന്ന ഫോൺ നമ്പരിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

**7. പരിശീലന പരിപാടി**

കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് **"വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ"** എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സിന്റെ രണ്ടാമത്തെ ബാച്ചിലേക്കായി പ്ലസ്ടു /തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. (മേൽ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2371104.

8. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് ജൂൺ 12 മുതൽ 14 വരെ രാവിലെ 9 മണി മുതൽ 5 മണി വരെ **റബ്ബർ കൾട്ടിവേഷൻ ഫോർ എസ്റ്റേറ്റ് സെക്ടേഴ്സ്** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഇംഗ്ലീഷിലാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം. പരിശീലന ഫീസ് 5310. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2351313, 9447710405, 8848148002 training.rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം